

*“എൻെറ കുഞ്ഞുങ്ങളേ, ഇനി അൽപസമയംകൂടി ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും. നിങ്ങൾ എന്നെ അന്വേഷിക്കും. എന്നാൽ, ഞാൻ യഹൂദരോടു പറഞ്ഞതുപോലെ ഇപ്പോൾ നിങ്ങളോടും പറയുന്നു, ഞാൻ പോകുന്നിടത്തേക്കു വരാൻ നിങ്ങൾക്കു കഴിയുകയില്ല. ഞാൻ പുതിയൊരു കൽപന നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എൻെറ ശിഷ്യൻമാരാണെന്ന് അതുമൂലം എല്ലാവരും അറിയും”*

## ഫെബ്രുവരി 2015: വിചിന്തനം - യോഹന്നാൻ 13:33-35

മനുഷ്യാവതാര രഹസ്യം അതായത് ദൈവവചനമായ യേശു മർത്യശരീരം സ്വീകരിച്ച് ഈ ലോകത്തിലും ചരിത്രത്തിലും ജീവിച്ചുവെന്ന യാഥാർത്ഥ്യം ഒരു ക്രിസ്ത്യാനിയുടെ മനോഭാവത്തിൽ മൗലികമായ വ്യത്യാസം ഉളവാക്കുന്നു. ഈ ലോകത്തിലെ സുന്ദരമായ പലതും ദൈവദൃഷ്ടിയിലും മനോഹരമാണ്. സ്വർഗസ്ഥനായ പിതാവിലേക്ക് നമ്മെ ഓരോരുത്തരേയും നയിക്കുന്നതിന് ലോകത്തിന്റെ സുന്ദരമായ ഈ മാർഗങ്ങൾ യേശു ഉപയോഗിക്കുന്നുവെന്നതാണ് യേശുവിന്റെ പാതയുടെ സവിശേഷത. വിശുദ്ധിയുടെ അത്തരമൊരു ആനന്ദപൂർണമായ മാർഗമാണ് നല്ല ബന്ധങ്ങൾ.

ഓരോ വ്യക്തിയും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് സ്നേഹത്തിനും സൗഹൃദത്തിനും വേണ്ടിയാണ്. ദൈവികപദ്ധതി പ്രകാരം പരിപൂർണതയുടെ പാത ദൈവത്തോടും മറ്റുള്ളവരോടും ഉള്ള ആഴമേറിയ ബന്ധമാണ്. സ്നേഹത്തിനും കൂട്ടായ്മയ്ക്കുമുള്ള കേന്ദ്രസ്ഥാനം നാം വിസ്മരിച്ചാൽ ക്രിസ്തുസന്ദേശത്തിന്റെ യഥാർത്ഥ പൊരുൾ നമുക്കു നഷ്ടമാകും. നിങ്ങൾ നന്നായി പ്രാർഥിക്കുന്നുണ്ടാവാം; ജനങ്ങളെ സുവിശേഷവത്കരിക്കുന്നുണ്ടാവാം; വരങ്ങൾ ശക്തമായി ഉപയോഗിക്കുന്നുണ്ടാവാം; എങ്കിലും നിങ്ങൾ സ്നേഹത്തിന്റെ ജീവിതം നയിക്കുന്നില്ലെങ്കിൽ (1 കൊറി.13:2) ഞാൻ നിങ്ങളെ അറിഞ്ഞിട്ടില്ല എന്ന് കർത്താവ് പ്രഖ്യാപിക്കും. (മത്തായി 7:21-23, ലൂക്കാ 13:26-27) വിശുദ്ധർ ആധ്യാത്മിക പരിപൂർണതയുടെ ലളിതമെങ്കിലും ഉദാത്തമായ ഈ രഹസ്യം കണ്ടെത്തി, അവർ സ്നേഹത്തിന്റെ പാത അക്ഷീണം പിൻതുടർന്നു. ഈ വെല്ലുവിളി നിത്യനൂതനമാണ്. ശിഷ്യന്മാർ ഒന്നുചേർന്ന് സ്നേഹത്തിന്റെ പാത പ്രാവർത്തികമാക്കുകയും മറ്റുള്ളവരെ അതിനായി വെല്ലുവിളിക്കുകയും ചെയ്യുന്ന ഒരു കൂട്ടായ്മയുടെ ഭാഗമാകാൻ ദൈവവചനം നമ്മെ നിരന്തരം ആഹ്വാനം ചെയ്യുന്നു.

ജോൺപോൾ രണ്ടാമൻ മാർപാപ്പ സഹസ്രാബ്ദത്തിന്റെ തുടക്കത്തിൽ കൂട്ടായ്മ പടുത്തുയർത്തുന്ന ഒരാത്മീയതയുടെ ആവശ്യകത ഉയർത്തിക്കാട്ടുകയും 'നവസഹസ്രാബ്ദത്തിലേക്ക്' എന്ന അപ്പസ്തോലിക ലേഖനത്തിൽ അനേകം പ്രായോഗിക ചുവടുവയ്പുകൾ നിർദേശിക്കുകയും ചെയ്തു. "ഈ സഹസ്രാബ്ദത്തിന്റെ ആരംഭത്തിൽ നാം അഭിമുഖീകരിക്കുന്ന വലിയ വെല്ലുവിളി സഭയെ സ്നേഹൈക്യത്തിന്റെ ഭവനവും വിദ്യാലയവുമാക്കുകയെന്നതാണ്. ദൈവികപദ്ധതിയോട് വിശ്വസ്തത പുലർത്താനും ലോകത്തിന്റെ ഏറ്റവും അഗാധമായ ആശകൾക്ക് പ്രത്യുത്തരമേകാനും നാം ആഗ്രഹിക്കുന്നെങ്കിൽ, നാം സ്നേഹൈക്യത്തിന്റെ ഒരാധ്യാത്മികത പരിപോഷിപ്പിക്കേണ്ടതുണ്ട്. വ്യക്തികൾക്കും ക്രിസ്ത്യാനികൾക്കും രൂപീകരണം സംഭവിക്കുന്നിടങ്ങളിലെല്ലാം അതാവണം വിദ്യാഭ്യാസത്തിന്റെ മാർഗനിർദേശതത്വങ്ങൾ" (43). ആളുകൾ വിജയം മാത്രം ലക്ഷ്യമാക്കുകയും ആത്മീയതപോലും വ്യക്തിഗത വിജയത്തിനുള്ള ഒരു ഉപാധിയായി മാറ്റാനുള്ള പ്രവണത കാട്ടുകയും ചെയ്യുന്ന ഈ കാലയളവിൽ ക്രിസ്തീയ കൂട്ടായ്മയിലേക്കു തിരിയുകയെന്നത് ഏറ്റം പ്രാധാന്യമർഹിക്കുന്നു.

കർത്താവിന്റെ പ്രൗഢമായ വിടവാങ്ങൾ കൽപന നാം എങ്ങനെ നിറവേറ്റും? ഒന്നാമത്, ഞാൻ തീക്ഷ്ണമതികളായ ക്രിസ്ത്യാനികളുടെ ഒരു നിശ്ചിത ഗാത്രത്തിന്റെ സ്വന്തമാകണം: മാത്രമല്ല, അത് എന്റെ പേരിന്റെയും വ്യതിരിക്തതയുടെയും ഭാഗമാകണം. തുടർന്ന് എന്റെ നിരവധിയായ സുപ്രധാന ആവശ്യങ്ങളും സ്വപ്നങ്ങളും സാക്ഷാത്കരിക്കുന്ന ഒരിടമായി എന്റെ സ്നേഹസമൂഹത്തെ ഞാൻ ഒരിക്കൽക്കൂടി കണ്ടെത്തണം. ഇത് എന്റെ കടമ മാത്രമല്ല, പിന്നെയോ ഇതു കൂടാതെ എനിക്ക് ജീവിക്കാനാവില്ലെന്ന് ഞാൻ സാവകാശം തിരിച്ചറിഞ്ഞ് അംഗീകരിക്കണം. ഇതിനായി, പങ്കുവയ്ക്കുന്ന ജീവിതത്തിന്റെയും വിഭിന്നമായ സാംസ്കാരികഘടകങ്ങളിൽ പങ്കുചേരുന്നതിന്റെയും ഇടമായി സ്നേഹസമൂഹം വളരേണ്ടതുണ്ട്. പരസ്പരമുള്ള കണ്ടെത്തലും അംഗീകരിക്കലും ഒരു യഥാർഥ കൂട്ടായ്മയെ ആഹ്ലാദപൂർണമായ യാഥാർഥ്യമായും സ്നേഹം പരിശീലിക്കുന്ന 'ഭവനമായും മാറ്റുമെന്നത് തീർച്ച. ഒടുവിലായി, ആരോഗ്യസമ്പന്നമായ കൂട്ടായ്മയിലൂടെ ഒരു ജീവിതദൗത്യത്തിലേക്ക് ഇറങ്ങിപ്പുറപ്പെടാൻ ക്രിസ്ത്യാനി നിർബന്ധിതനാകുന്നു.

"സ്നേഹത്തോടെ ജീവിക്കുന്നതിനും നല്ലകാര്യങ്ങൾ ചെയ്യുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കുന്ന" (ഹെബ്ര 10:24) സജീവമായ ഒരു കൂട്ടായ്മയുടെ പ്രവർത്തനനിരതമായ ഭാഗമാകുകയെന്നത് വിശുദ്ധജീവിതം നയിക്കുന്നതിനും ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ ആറു സ്തൂപങ്ങൾ ഫലദായകമാംവിധം പരിശീലിക്കുന്നതിനും സഹായകമായ ഏറ്റവും പ്രായോഗിക മാർഗമാണെന്ന് നാം ജീസസ് യൂത്തിൽ കണ്ടെത്തുന്നു. നമ്മെ ഓരോരുത്തരേയും കുറിച്ചുള്ള നാഥന്റെ ഹൃദയദാഹത്തിനു പ്രത്യുത്തരമേകാൻ ദൈവാത്മാവ് നമ്മെ സഹായിക്കട്ടെ.



Prepared by the Jesus Youth International Formation Team. Illustration: Shaji Joseph